(ബി) സുനാമി ദുരന്തത്തിനുശേഷം ആലപ്പാട് പഞ്ചായത്തിൽ നടത്തിയിട്ടുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) സുനാമി ദുരന്തത്തിനുശേഷം വെള്ളനാത്തുരുത്തു മുതൽ അഴീക്കൽ ഹാർബർ വരെയുള്ള ആലപ്പാട് പഞ്ചായത്തിലെ 1040 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ ജോലികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ 2900 മീറ്റർ നീളത്തിൽ പറയകടവുവരെയുള്ള കടൽഭിത്തിയുടെ പണികൾക്കുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. പറയകടവു മുതൽ വെള്ളനാതുരുത്തു വരെയുള്ള ഭാഗത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ കടൽഭിത്തിയുടെ പണികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

ഇപ്പോൾ ഉണ്ടായിരിക്കുന്ന രൂക്ഷമായ കടലാക്രമണം നടന്നുകൊണ്ടിരിക്കുന്ന പണികളുടെ വേഗത കുറയുന്നതിന് കാരണമായിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ കടൽഭിത്തി നിർമ്മാണം

64 [245] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തീരപ്രദേശങ്ങളായ മാടായി ഗ്രാമപഞ്ചായത്തിലെയും രാമന്തളി ഗ്രാമപഞ്ചായത്തിലെയും തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്നും ഈ പ്രദേശങ്ങളിലെ എന്തെല്ലാം തീരദേശമേഖലകളിൽ എന്തുമാത്രം ദൈർഘ്യത്തിൽ കടൽഭിത്തി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കടൽഭിത്തിയുടെ ദൈർഘ്യം, കടൽഭിത്തി നിർമ്മാണത്തിന് തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ്, ഏതു തരത്തിലുള്ള കടൽഭിത്തി നിർമ്മാണമാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ മേഖലയിലെ കടൽഭിത്തി നിർമ്മാണം ആരംഭിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമപഞ്ചായത്തിൽ 250 മീറ്റർ നീളത്തിൽ ചെറുകല്ല് ഉപയോഗിച്ച് താൽക്കാലികമായി കര സംരക്ഷിക്കുന്നതിനും, 190 മീറ്റർ നീളത്തിൽ നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണി നടപ്പിലാക്കുന്നതിനും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. മാടായി ഗ്രാമപഞ്ചായത്തിൽ 400 മീറ്റർ നീളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എഫ്. സി. ടി. എസി സമർപ്പിച്ചിട്ടുണ്ട്. 180 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ രാമന്തളി പഞ്ചായത്തിൽ രണ്ട് റീച്ചുകളിലായി 750 മീറ്റർ നീളത്തിൽ ചെറുകല്ല് ഉപയോഗിച്ച് താൽക്കാലികമായി കടൽഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 1295 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. 15-6-2000-ൽ ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ എടുത്തുവരുന്നു.

(സി) ഈ മേഖലയിൽ മൂന്നു പ്രവർത്തികൾക്കുകൂടി 18.70 ലക്ഷം രൂപയുടെ ദർഘാസ് ക്ഷണിക്കുകയും തുടർനടപടികൾ നടന്നുവരികയും ചെയ്യുന്നു.

"അമിതമായ ഭൂഗർഭ ജലചൂഷണം"

65 [246] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും പഠനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നതിന് പ്രധാനമായും ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്; ഇതിന് ശാസ്ത്രീയമായ എന്തെങ്കിലും അടിസ്ഥാനം ഉള്ളതായി പഠനങ്ങളിൽ മനസ്സിലായിട്ടുണ്ടോ;

(സി) പാലക്കാട് ജില്ലയിൽ അമിതമായി ജലചൂഷണം നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പെപ്സികോള, കൊക്കകോള കമ്പനികൾക്ക് ഭൂഗർഭജലം എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര അളവുവീതം എടുക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ രണ്ടു കമ്പനികളും അമിതമായി ഭൂഗർഭജലം എടുക്കുന്നതായുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടർ വകുപ്പ് ഭൂഗർഭജലം അമിതമായി എടുക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭൂജലവകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly